**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 352** **22-02-2022 - ൽ മറുപടിയ്ക്ക്**

**പുറമണ്ണൂർ-മില്ലുംപടി-വട്ടപ്പറമ്പ് റോഡ് പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പുറമണ്ണൂർ-മില്ലുംപടി-വട്ടപ്പറമ്പ് റോഡ് പുനർനിർമ്മിക്കുന്നതിന് നഗര സഞ്ചയ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | നഗര സഞ്ചയങ്ങൾക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനും നഗരസഞ്ചയ പ്രദേശത്തിന് പഞ്ചവത്സര പദ്ധതി തയാറാക്കുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ 24-11-2021 ലെ GO(Ms) No. 272/2021/LSGD നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കുടിവെള്ളം, ശുചിത്വം. ഖരമാലിന്യ സംസ്കരണം എന്നീ മേഖലകളിലെ സേവന നിലവാരം (service level benchmarks) മെച്ചപ്പെടുത്തുന്നതിനാണ് നഗരസഞ്ചയങ്ങൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ഈ മേഖലകളിലെ സേവന നിലവാരം മെച്ചപ്പെടുത്തുകയാണെങ്കിൽ മാത്രമേ ഓരോ നഗരത്തിനുമുള്ള പ്രസ്തുത ഗ്രാന്റ് ലഭിക്കുകയുള്ളൂ. മാർഗ്ഗനിർദേശങ്ങളിലെ നഗരസഞ്ചയങ്ങൾക്കുള്ള ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ചുള്ള വ്യവസ്ഥ പ്രകാരം നഗരസഞ്ചയ പദ്ധതിയിൽ റോഡ് പുനർ നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിയുന്നതല്ല. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | നഗര സഞ്ചയങ്ങൾക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനും നഗരസഞ്ചയ പ്രദേശത്തിന് പഞ്ചവത്സര പദ്ധതി തയാറാക്കുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ 24-11-2021 ലെ GO(Ms) No. 272/2021/LSGD നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കുടിവെള്ളം, ശുചിത്വം. ഖരമാലിന്യ സംസ്കരണം എന്നീ മേഖലകളിലെ സേവന നിലവാരം (service level benchmarks) മെച്ചപ്പെടുത്തുന്നതിനാണ് നഗരസഞ്ചയങ്ങൾക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ഈ മേഖലകളിലെ സേവന നിലവാരം മെച്ചപ്പെടുത്തുകയാണെങ്കിൽ മാത്രമേ ഓരോ |

| | | | |
|---|---|---|---|
| | | | നഗരത്തിനുമുള്ള പ്രസ്തുത ഗ്രാന്റ് ലഭിക്കുകയുള്ളൂ. മാർഗ്ഗനിർദേശങ്ങളിലെ നഗരസഞ്ചയങ്ങൾക്കുള്ള ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ചുള്ള വ്യവസ്ഥ പ്രകാരം നഗരസഞ്ചയ പദ്ധതിയിൽ റോഡ് പുനർ നിർമ്മാണ പദ്ധതികൾ ഏറ്റെടുക്കുവാൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ